ഭാരതീയ റിസർവ് ബാങ്ക്
വാർത്താ വിനിമയ വിഭാഗം
കേന്ദ്ര ഓഫീസ്
മുംബൈ-400001

ഫെബ്രുവരി 01, 2018

**സിർസില്ല സഹകരണ അർബൻ ബാങ്കിന് (സിർസില്ല, തെലങ്കാന) പിഴ ചുമത്തിയിരിയ്ക്കുന്നു**

എക്സ്പോഷർ മാനദണ്ഡങ്ങൾ, ചട്ടപ്രകാരമുള്ള മറ്റു നിബന്ധനകൾ, ഉപഭോക്താവിനെ തിരിച്ചറിയൽ/ പണം വെളുപ്പിയ്ക്കലിനെതിരായുള്ള നടപടികൾ എന്നീ കാര്യങ്ങളിൽ ഭാരതീയ റിസർവ് ബാങ്ക് പുറപ്പെടുവിച്ച പൊതുനിർദ്ദേശങ്ങളും മാർഗനിർദ്ദേശങ്ങളും സിർസില്ല സഹകരണ അർബൻ ബാങ്ക് ലംഘിച്ചു എന്ന് ബോധ്യപ്പെട്ടതിനാൽ 1949 ലെ ബാങ്കിംഗ് റഗുലേഷൻ നിയമത്തിലെ 47A(1)(b), 46(4) എന്നീ വകുപ്പുകൾ പ്രകാരം നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് ഭാരതീയ റിസർവ് ബാങ്ക് സിർസില്ല സഹകരണ അർബൻ ബാങ്കിന് അൻപതിനായിരം രൂപയുടെ (0.50 ലക്ഷം രൂപ) പിഴ ചുമത്തിയിരിക്കുന്നു.

ഭാരതീയ റിസർവ് ബാങ്ക് നല്കിയ കാരണം കാണിക്കൽ നോട്ടീസിന്റെ അടിസ്ഥാനത്തിൽ ബാങ്ക് രേഖാമൂലം മറുപടി നൽകുകയുണ്ടായി. ഈ വിഷയത്തിന് ആസ്പദമായ വസ്തുതകളും ബാങ്കിന്റെ മറുപടിയും ബാങ്ക് നേരിട്ട് നൽകിയ വിശദീകരണവും കൂലംകക്ഷമായി പരിശോധിച്ചതിനുശേഷം ബാങ്ക് നിർദ്ദേശങ്ങൾ ലംഘിച്ചു എന്ന നിഗമനത്തിൽ ഭാരതീയ റിസർവ് ബാങ്ക് എത്തുകയും അതിനാൽ പിഴ ചുമത്തണമെന്ന് തീരുമാനിക്കുകയും ചെയ്തു.

അജിത് പ്രസാദ്
അസിസ്റ്റന്റ് അഡൈ്വസർ

പത്രപ്രസ്താവന: 2017-2018/2094